77 (1927) 1.4.1996 മുതൽ 1.4.1999 വരെയുള്ള വൈദ്യുതി ഉപയോഗം

ശ്രീ. ജോർജ്ജ് ഇക്ക. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ 1.4.1996 മുതൽ 1.4.1999 വരെ ഓരോ സാമ്പത്തിക വർഷവും എച്ച്.ടി., ഇ.എച്ച്.ടി., എൽ.ടി. എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വ്യവസായിക ഉപഭോക്താക്കൾ ഉപയോഗിച്ച വൈദ്യുതി എത്രവീതം എന്ന് വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽപ്പെടുന്ന ഉപഭോക്താക്കൾ മുൻവർഷത്തെ അപേക്ഷിച്ച് തുടർന്നുവന്ന വർഷങ്ങളിൽ എത്ര ശതമാനം വൈദ്യുതി കൂടുതൽ ഉപയോഗിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എച്ച്.ടി/ഇ.എച്ച്.ടി. ഉപയോഗം

1996-97	-	198.54 ദശലക്ഷം യൂണിറ്റ്
1997-98	-	214.79 ദശലക്ഷം യൂണിറ്റ്
1998-99	-	290.53 ദശലക്ഷം യൂണിറ്റ്

എൽ.ടി. ഉപയോഗം

1996-97	-	494.00 ദശലക്ഷം യൂണിറ്റ്
1997-98	-	514.23 ദശലക്ഷം യൂണിറ്റ്
1998-99	-	579.00 ദശലക്ഷം യൂണിറ്റ്

(ബി) എച്ച്.ടി./ഇ.എച്ച്.ടി.

1997-98	-	81.9% വർദ്ധനവ്
1998-99	-	35.26% വർദ്ധനവ്

എൽ.ടി

1997-98	-	4% വർദ്ധനവ്
1998-99	-	12.6% വർദ്ധനവ്

78 (1928) ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗവൺമെന്റിന് നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ 9246/ബി3/പ.വ.7/10/99) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly